## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5005

14.11.2019-ൽ മറുപടിക്ക്

**മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്കും ആശ്രിതർക്കും നല്കുന്ന സഹായങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. ജോയി : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മത്സ്യബന്ധന തൊഴിലിൽ ഏർപ്പെട്ട വരവെ എത്ര തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യബന്ധന തൊഴിലിൽ ഏർപ്പെട്ടുവരവെ സംസ്ഥാനത്ത് ആകെ 334 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 102 പേരെ കാണാതാവുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അത്തരത്തിൽ മരണപ്പെട്ടിട്ടുള്ളവരുടെ ആശ്രിതരായ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ മുഖേന മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽ മരണപ്പെട്ടവർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ അർഹതാ മാനദണ്ഡ പ്രകാരം ഇൻഷ്വറൻസ് ക്ലെയിം തുകയായി 16.12.2017 വരെ 5,00,000/- രൂപയും 17.12.2017 മുതൽ 10,00,000/- രൂപയും അനുവദിക്കുന്നുണ്ട്. മത്സ്യബന്ധന സമയത്ത് അപകടം മൂലമല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണമടയുന്നവരുടെ കുടുംബത്തിന് 50,000/- രൂപ നൽകുന്നുണ്ട്. കൂടാതെ മത്സ്യബന്ധനത്തിനിടയിൽ അപകടം മൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 10,000/- രൂപ അടിയന്തര മുൻകൂർ ധനസഹായം അനുവദിക്കുന്നുണ്ട്. 01.03.2018 മുതൽ PMJJBY/PMSBY പദ്ധതി പ്രകാരം അപകടമരണത്തിന് 4 ലക്ഷം രൂപയും ആം അദ്മി ബീമായോജന പദ്ധതി പ്രകാരം അപകടമരണത്തിന് 75,000/- രൂപയും അനുവദിക്കുന്നുണ്ട്. മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് വിധവ പെൻഷനും നൽകി വരുന്നു. ഓഖി ദുരന്തത്തിൽ കാണാതായവരുടെയും മരണമടഞ്ഞവരുടെയും കുടുംബത്തിന് 20 ലക്ഷം രൂപ വീതം ധനസഹായം നല്കുകയുണ്ടായി. ഇതുകൂടാതെ അവരുടെ മക്കളുടെ വിദ്യാഭ്യാസം മുന്നോട്ട് കൊണ്ടുപോകുന്നതിന് 2037 വരെ നീണ്ടുനില്ക്കുന്ന 13 കോടി രൂപയുടെ ധനസഹായ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. 41 വിധവകൾക്ക് |

| | | | |
|---|---|---|---|
| | | | മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നല്കുകയും ചെയ്തു. |
| സി) | മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ അവർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ തലത്തിൽ നിന്നും ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 07.12.2007 മുതൽ മത്സ്യസുരക്ഷാ പദ്ധതിയിൻ കീഴിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി മത്സ്യബോർഡിൽ നടപ്പിലാക്കി വരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. അപകടമരണത്തിന് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയും, പ്രധാൻ മന്ത്രി സുരക്ഷാ ബീമയോജന, ആം ആദ്മി ബീമ യോജന എന്നീ പദ്ധതികൾ മത്സ്യബോർഡ് നടപ്പിലാക്കി വരുന്നു.<br>17.12.2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/അവരുടെ നിയമാനുസൃത ആശ്രിതർക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | | |
|---|---|---|
| 1. | അപകടമരണം | 10 ലക്ഷം രൂപ |
| 2. | മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| 3. | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| 4. | സ്ഥിരവും ഭാഗികവുമായ അവശത | 5,00,000/- രൂപ |
| 5. | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം (പരമാവധി 2 കുട്ടികൾക്ക് മാത്രം) | 5000/-രൂപ പ്രകാരം പരമാവധി 10,000/- രൂപ |
| 6. | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടിവരുന്നവർക്ക് ധന സഹായം | 25,000/- (രൂപ പരമാവധി) |
| 7. | ശവസംസ്കാര ചിലവിന് | 2,500/- രൂപ |

. **ആംആദ്മി ബീമയോജന ,പി.എം.എസ്.ബി.വൈ**

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനായി ഫിഷറീസ് വകുപ്പ്, എൽ.ഐ.സിയുമായി സഹകരിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കായി ആം ആദ്മി ബീമയോജന എന്ന പദ്ധതി PMJJBY/ PMSBY എന്നീ പദ്ധതികളുമായി സംയോജിപ്പിച്ച് 01.03.2018 മുതൽ നടപ്പിലാക്കിവരുന്നു.

*പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.*

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായ ത്തുക (രൂപ) |
|---|---|---|
| 1 | അപകടം മൂലമുണ്ടാകുന്ന മരണത്തിന് (18 വയസ്സു മുതൽ 50 വയസ്സ് വരെയുള്ളവർക്ക് പി.എം.എസ്.ബി.വൈ പദ്ധതി പ്രകാരം 2,00,000/- രൂപയും, പി.എം.ജെ.ജെ.ബി.വൈ പദ്ധതിപ്രകാരം 2,00,000/- രൂപയും ) | 4,00,000/- |
| 2 | അപകടം മൂലമുണ്ടാകുന്ന സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് (പി.എം.എസ്.ബി.വൈ പദ്ധതിപ്രകാരം 18 വയസ്സു മുതൽ 50 വയസ്സ് വരെയുള്ളവർക്ക്) | 2,00,000/- |

| | | |
|---|---|---|
| 3 | അപകടം മൂലമുണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് (പി.എം.എസ്.ബി.വൈ പദ്ധതിപ്രകാരം 18 വയസ്സു മുതൽ 50 വയസ്സ് വരെയുള്ളവർക്ക്) | 1,00,000/- |
| 4 | അപകടം മൂലമുള്ള മരണത്തിന് (എ.എ.ബി.വൈ പദ്ധതി പ്രകാരം 51 വയസ്സു മുതൽ 59 വയസ്സ് വരെയുള്ളവർക്ക്) | 75,000/- |
| 5 | അപകടം മൂലമുണ്ടാകുന്ന സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് (എ.എ.ബി.വൈ പദ്ധതി പ്രകാരം 51 വയസ്സു മുതൽ 59 വയസ്സ് വരെയുള്ളവർക്ക്) | 75,000/- |
| 6 | അപകടം മൂലമുണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് (എ.എ.ബി.വൈ പദ്ധതി പ്രകാരം 51 വയസ്സു മുതൽ 59 വയസ്സ് വരെയുള്ളവർക്ക്) | 37,500/- |

പ്രസ്തുത പദ്ധതി പ്രകാരം 50 വയസ്സ വരെ പ്രായമുള്ള മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടാൽ പി.എം.ജെ.ജെ.ബി.വൈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയും, അപകടംമൂലം മരണപ്പെട്ടാൽ പി.എം.എസ്.ബി.വൈ പദ്ധതി പ്രകാരമുള്ള 2 ലക്ഷം രൂപയും കൂടി മൊത്തം 4 ലക്ഷം രൂപ ലഭിക്കുന്നു. 51 വയസ്സ മുതൽ 59 വയസ്സ് വരെയുള്ളവർ അപകടം മൂലം മരണപ്പെട്ടാൽ എ.എ.ബി.വൈ പദ്ധതി പ്രകാരമുള്ള 75,000/- രൂപ ധനസഹായം ലഭിക്കും.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങൾ ആവുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും (ആകെ പത്ത് ലക്ഷം രൂപ), മരണാനന്തര ചടങ്ങുകൾക്കായി 2500/- (ആകെ രണ്ടായിരത്തി അഞ്ഞൂറ് രൂപ), മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായമായി പരമാവധി 10000/- (ആകെ പതിനായിരം രൂപ) ഒരാളിന് അയ്യായിരം രൂപ വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ